# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1804 — 21.1.2014-ൽ മറുപടിക്ക്

### കുട്ടനാട് പാക്കേജും ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മാണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ ശുചിത്വമിഷന്റെ കീഴിൽ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റിന് പകരം ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, നെടുമുടി, കൈനകരി ഗ്രാമപഞ്ചായത്തുകളിൽ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഗുണഭോക്താക്കൾക്ക് സ്വീകാര്യമാകില്ലെന്നും ആയത് വെള്ളപ്പൊക്ക ഭീഷണിയുള്ള കുട്ടനാട്ടിൽ പുതിയ പാരിസ്ഥിതിക പ്രശ്നം ഉണ്ടാകുമെന്നും ജനപ്രതിനിധികൾ എതിരഭിപ്രായം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പകരം അനുയോജ്യമായ ഇതര സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ടോയ്‌ലറ്റ് യൂണിറ്റ് മാത്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രോജക്ടിന് നിർവ്വഹണ ഏജൻസിയെ കണ്ടെത്തുന്നതിനായി 27.06.2012 ൽ താത്പര്യപത്രം ക്ഷണിച്ചത് പ്രകാരം നാല് സ്ഥാപനങ്ങളിൽ നിന്നും ആയത് ലഭിക്കുകയുണ്ടായി. പ്രസ്തുത നാല് പ്രൊപ്പോസലുകളിൽ യോഗ്യരായ രണ്ട് സ്ഥാപനങ്ങളുടെ Technical bid നെ അടിസ്ഥാനപ്പെടുത്തി Financial bid പരിശോധിച്ചു. എന്നാൽ കുറഞ്ഞ Financial bid പ്രകാരം ഒരു ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി ക്വോട്ട് ചെയ്യപ്പെട്ട 1,53,000/-(ഒരു ലക്ഷത്തി അമ്പത്തിമൂന്നായിരം രൂപ) വളരെ ഉയർന്ന തുകയായതിനാൽ ആയത് അംഗീകരിക്കാതെ വരുകയും തുടർന്ന് ടോയ്‌ലറ്റ് യൂണിറ്റുകൾ പരീക്ഷണ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിലേയ്ക്കായി 29.10.2013 ൽ പുതിയ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൻപ്രകാരം നാല് സ്ഥാപന ടെണ്ടർ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറുകളുടെ Technical bid പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| ബി) ഈ പദ്ധതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയും നിർവ്വഹണ ഏജൻസിയെയും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) ഈ പദ്ധതിയ്ക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയും നിർവ്വഹണ ഏജൻസിയെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ